ജപ്പാൻ വെള്ളപ്പൊക്കം: മരണം 179 ആയി

ടോക്കിയോ: ജപ്പാനിൽ കനത്ത മഴയെത്തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ മരിച്ചവരുടെ എണ്ണം 179 ആയി. മണ്ണും ചെളിയും നിറഞ്ഞ നദീതീരങ്ങളിലും മറ്റും കാണാതായവർക്കുവേണ്ടിയുള്ള തിരച്ചിൽ തുടരുകയാണ്. ദുരന്തത്തെത്തുടർന്ന് പ്രധാനമന്ത്രി ഷിൻസോ ആബെയുടെ ഈ ആഴ്ചത്തെ നാലു ദിവസത്തെ വിദേശസന്ദർശനം റദ്ദാക്കി. മൂന്ന ദശാബ്ദത്തിനിടയിൽ ജപ്പാനിലെ ഏറ്റവും വലിയ പ്രകൃതിദുരന്തമാണ് കഴിഞ്ഞ ദിവസം ഉണ്ടായത്. മരണസംഖ്യ ഇനിയും ഉയരാനാണ് സാദ്ധ്യത.

രാജ്യസഭയിൽ 22 ഭാഷകളിൽ സംസാരിക്കാം

ന്യൂഡൽഹി: അടുത്തയാഴ്ച തുടങ്ങുന്ന കാലവർഷ സമ്മേളനം മുതൽ രാജ്യസഭയിൽ ഹിന്ദിക്കും ഇംഗ്ലീഷിനും പുറമെ 22 ഷെഡ്യൂൾഡ് ഭാഷകളിലും അംഗങ്ങൾക്ക് സംസാരിക്കാം. തത്സമയം ഹിന്ദിയിലും ഇംഗ്ലീഷിലും പരിഭാഷ ലഭിക്കും. മലയാളം അടക്കം 12 ഭാഷകൾക്ക് മാത്രമാണ് നിലവിൽ തത്സമയ പരിഭാഷയുള്ളത്.

രാജ്യസഭാ അദ്ധ്യക്ഷനായി ചുമതലയേറ്റശേഷം വെങ്കയ്യ നായിഡുവിന്റെ പ്രധാന പരിഷ്കാരങ്ങളിലൊന്നാണിത്. ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ നിർദ്ദേശിക്കപ്പെട്ട 22 ഭാഷകളിലും പരിഭാഷക്കാരെ നിയമിക്കാൻ അദ്ദേഹം നിർദ്ദേശിക്കുകയായിരുന്നു. യോഗ്യരായവരെ കണ്ടെത്തി പരിശീലനം നൽകി നിയമിച്ചു കഴിഞ്ഞു. മാതൃഭാഷയിൽ ചിന്തകളും വികാരങ്ങളും പ്രകടിപ്പിക്കുന്നതാണ് വലിയ കാര്യമെന്ന് പുതിയ പരിഭാഷക്കാർക്ക് പരിശീലനത്തിന് ശേഷം സർട്ടിഫിക്കറ്റ് വിതരണം ചെയ്ത ചടങ്ങിൽ നായിഡു പറഞ്ഞു.

പരസ്ത്രീഗമനം തടയുന്ന വകുപ്പ് തുടരണമെന്ന് കേന്ദ്രസർക്കാർ

ന്യൂഡൽഹി: പരസ്ത്രീഗമനം കുറ്റകരമാക്കുന്ന ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 497-ാം വകുപ്പ് വിവാഹത്തിന്റെ സംശുദ്ധി നിലനിറുത്താൻ അനിവാര്യമായതിനാൽ തുടരണമെന്ന് കേന്ദ്രസർക്കാർ സുപ്രീംകോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ ആവശ്യപ്പെട്ടു. വകുപ്പ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് കോഴിക്കോട് സ്വദേശി ജോസഫ് ഷൈൻ നൽകിയ ഹർജി പരിഗണിക്കുന്ന ഭരണഘടനാ ബെഞ്ചിനുമുന്നിലാണ് കേന്ദ്രസർക്കാർ നിലപാടു വ്യക്തമാക്കിയത്.

പുരുഷന്റെ സംരക്ഷണത്തിൽ കഴിയേണ്ടവളാണ് സ്ത്രീയെന്ന് 497-ാം വകുപ്പ് സ്ഥാപിക്കുന്നത് സ്ത്രീ-പുരുഷ സമത്വത്തിന് വിരുദ്ധമാണോ എന്ന് ഭരണഘടനാ ബെഞ്ച് പരിശോധിക്കും. അതുപോലെ മറ്റൊരാളുടെ ഭാര്യയുമായി ബന്ധം പുലർത്തുന്ന പുരുഷനെതിരെ നടപടി ആവശ്യപ്പെടുന്ന വകുപ്പ് സ്ത്രീയെ കുറ്റക്കാരിയായി കാണുന്നില്ല. ഭർത്താവിന്റെ സമ്മതത്തോടെ ഭാര്യ പരപുരുഷനുമായി ബന്ധം സ്ഥാപിക്കുന്നതും വകുപ്പ് പ്രകാരം കുറ്റകരമല്ല.

ഇക്കാര്യങ്ങളിൽ പുനർവിചിന്തനം വേണമെന്ന് കോടതിയിൽ വാദമുയർന്നിരുന്നു.

മായാവതി ലോക്സഭയിലേക്ക് മത്സരിച്ചേക്കും

ലഖ്നൗ: ബി.എസ്.പി നേതാവ് മായാവതി 2019ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് സൂചന. മുമ്പ് മായാവതി പ്രതിനിധീകരിച്ചിരുന്ന മണ്ഡലമായ അംബേദ്കർ നഗറിൽ നിന്നോ പശ്ചിമ യു.പിയിലെ ബിജ്നോറിൽ നിന്നോ മത്സരിക്കുമെന്നാണ് റിപ്പോർട്ടുകൾ. ബി.എസ്.പി അദ്ധ്യക്ഷയായതിന് ശേഷം ആദ്യമായിട്ടാകും ലോക്സഭയിലേക്ക് മായാവതി മത്സരിക്കുന്നത്.

കഴിഞ്ഞവർഷം അവർ രാജ്യസഭയിൽ നിന്ന് പ്രതിഷേധസൂചകമായി രാജിവച്ചിരുന്നു. പഴയ അക്ബർപൂർ മണ്ഡലമാണ് പിന്നീട് പുനരേകീകരണത്തിലൂടെ 2002ൽ അംബേദ്കർ നഗറായിമാറിയത്.

സ്കൂൾ ഫീസടച്ചില്ല: 16 കുട്ടികളെ പൂട്ടിയിട്ടു

ന്യൂഡൽഹി: ഫീസ് അടയ്ക്കാത്തതിനുള്ള ശിക്ഷയായി 16 പെൺകുട്ടികളെ അഞ്ചുമണിക്കൂറോളം അധികൃതർ സ്കൂളിനുള്ളിൽ പൂട്ടിയിട്ടു. ഡൽഹിലെ ഹൗസ് ഖാസിയിലുള്ള കിന്റർഗാർട്ടൻ സ്കൂളിലാണ് സംഭവം. സ്കൂൾ ബേസ്മെന്റിൽ പൂട്ടിയിട്ടിരുന്ന കുട്ടികളെ രക്ഷിതാക്കൾ എത്തിയതിനു ശേഷമാണ് പുറത്തിറക്കിയത്.

രക്ഷിതാക്കളുടെ പരാതിയിൽ സ്കൂൾ അധികൃതർക്കെതിരെ ശിശുസംരക്ഷണനിയമപ്രകാരം പൊലീസ് കേസെടുത്തു. അതേസമയം, ഫീസ് അടച്ച കുട്ടികളും പൂട്ടിയിട്ടവരിൽ പെട്ടിട്ടുണ്ടെന്ന് രക്ഷിതാക്കളിൽ ചിലർ പറയുന്നു. ഇവർ ഫീസടച്ച രസീത് കാണിച്ചിട്ടും മാപ്പു പറയാൻ പ്രിൻസിപ്പൽ തയാറായില്ലെന്നും ആരോപണമുണ്ട്.

അഫ്ഗാനിൽ ആക്രമണം: ഒരാൾ കൊല്ലപ്പെട്ടു

കാബൂൾ: കിഴക്കൻ അഫ്ഗാനിസ്ഥാനിലെ ജലാലാബാദിൽ ആയുധധാരികളായ ഒരു സംഘമാളുകൾ രണ്ടിടങ്ങളിലായി നടത്തിയ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടു. നിരവധിപേർക്ക് പരിക്കേറ്റു. വിദ്യാഭ്യാസവകുപ്പിന്റെ സ്ഥാപനങ്ങൾക്കു സമീപം നടന്ന ആക്രമണത്തിൽ കാവൽക്കാരൻ ആസിഫ് തിവാരിയാണ് കൊല്ലപ്പെട്ടത്. ജലാലാബാദിൽ രണ്ടാഴ്ചക്കം ഉണ്ടാകുന്ന ആക്രമണമാണിത്.

നെറ്റ് ന്യൂട്രാലിറ്റിക്ക് കേന്ദ്രത്തിന്റെ പച്ചക്കൊടി

നെറ്റ്
ന്യൂട്രാലിറ്റി

ന്യൂഡൽഹി: തടസങ്ങളും നിയന്ത്രണങ്ങളും ഇല്ലാതെ ഇന്റർനെറ്റ് സേവനങ്ങൾ ലഭ്യമാകുന്ന നെറ്റ് ന്യൂട്രാലിറ്റി(ഇന്റർനെറ്റ് സമത്വം) രാജ്യത്ത് നടപ്പാക്കാൻ ടെലികോം മന്ത്രാലയം നിയോഗിച്ച അന്തർ മന്ത്രാലയ ടെലികോം കമ്മിഷൻ അനുമതി നൽകി.

അതേസമയം ടെലിമെഡിസിൻ സേവനങ്ങൾ പോലെ പ്രത്യേക അതിവേഗ ഇന്റർനെറ്റ് ലൈനുകൾ ആവശ്യമായ സേവനങ്ങൾക്ക് ഇളവു നൽകാമെന്നും നിർദ്ദേശമുണ്ട്. കമ്മിഷന്റെ റിപ്പോർട്ട് വിലയിരുത്തി കേന്ദ്ര സർക്കാർ അന്തിമ ഉത്തരവ് പുറത്തിറക്കും.

എത്രയും പെട്ടെന്ന് രാജ്യത്ത് നെറ്റ് ന്യൂട്രാലിറ്റി നടപ്പിലാക്കണമെന്ന് കമ്മിഷൻ നിർദ്ദേശം നൽകിയതായി ടെലികോം സെക്രട്ടറി അരുണാ സുന്ദർരാജ് അറിയിച്ചു.

നെറ്റ് ന്യൂട്രാലിറ്റി റദ്ദാക്കണമെന്ന ടെലികോം കമ്പനികളുടെ ആവശ്യം നേരത്തെ ടെലികോം മന്ത്രാലയം തള്ളിയിരുന്നു. പ്രത്യേക ചാർജ്ജുകളോ വേഗതയോ ബാധകമാക്കാതെ ഉപഭോക്താക്കൾക്ക് തുല്യവും വിവേചന രഹിതവുമായി ഡേറ്റ, ആപ്പുകൾ, മറ്റ് ഇന്റർനെറ്റ് സേവനങ്ങൾ എന്നിവ ലഭ്യമാക്കണമെന്ന് കമ്മിഷൻ വിലയിരുത്തി. സോഷ്യൽ മീഡിയകൾ ഉൾപ്പെടെ വിവിധ ഇന്റർനെറ്റ് സേവനങ്ങൾ ഉപയോഗിക്കാൻ പ്രത്യേകം ചാർജ് ഈടാക്കണമെന്നായിരുന്നു ഇന്റർനെറ്റ് സേവനദാതാക്കളുടെ ആവശ്യം. ഈ നിർദ്ദേശത്തിനെതിരെ പ്രതികരിക്കാൻ പൊതുജനങ്ങൾക്ക് നൽകിയ അവസരമുപയോഗിച്ച് ലക്ഷക്കണക്കിന് ഉപയോക്താക്കളാണ് ഇന്റർനെറ്റ് സമത്വം വേണമെന്ന് ആവശ്യപ്പെട്ടത്.

എന്താണ് നെറ്റ് ന്യൂട്രാലിറ്റി

ഇന്റർനെറ്റിൽ ലഭ്യമായ എല്ലാ ഉള്ളടക്കവും യാതൊരു നിയന്ത്രണവുമില്ലാതെ എല്ലാവർക്കും എപ്പോഴും ലഭ്യമാകുന്ന അവസ്ഥയാണ് നെറ്റ് ന്യൂട്രാലിറ്റി. വാട്ട്സ് ആപ്പ്, സ്കൈപ്പ്, വൈബർ തുടങ്ങിയ സേവനങ്ങൾക്ക് ഇന്റർനെറ്റ് ഡേറ്റാ പ്ലാനിനു പുറമേ അധിക പണം ഈടാക്കുമെന്ന ഇന്റർനെറ്റ് സേവന ദാതാക്കളുടെ പ്രഖ്യാപനത്തോടെയാണ് 2015 ൽ ഇന്ത്യയിൽ നെറ്റ് ന്യൂട്രാലിറ്റിയെ കുറിച്ചുള്ള ചർച്ചകൾ ചൂടുപിടിച്ചത്.

നെറ്റ് ന്യൂട്രാലിറ്റി ഇല്ലാതായാൽ...

ഇന്റർനെറ്റ് ലഭ്യതയുടെ മൊത്തം നിയന്ത്രണം ടെലികോം സേവനദാതാക്കളുടെ കൈകളിലെത്തും. ഏതെല്ലാം സർവീസ് സൗജന്യമായി നൽകണം, ഓരോന്നിനും എത്ര പണം ഈടാക്കണം. ഏതെല്ലാം വെബ്സൈറ്റുകൾ വേഗത്തിൽ ലഭ്യമാക്കണം എന്നതെല്ലാം ടെലികോം സേവനദാതാക്കൾക്ക് തീരുമാനിക്കാവുന്ന അവസ്ഥയുണ്ടാകും.

ടെലികോം സേവനദാതാക്കളുമായി കരാറിലേർപ്പെടാത്ത വെബ്സൈറ്റുകൾ തടയുക, ടെലികോം സേവനദാതാക്കൾക്കും അവരുടെ താത്പര്യങ്ങൾക്കുമെതിരായി പ്രവർത്തിക്കുന്ന വെബ്സൈറ്റുകൾ തടയുക തുടങ്ങിയ എല്ലാത്തരം നിയന്ത്രണങ്ങളും ഏർപ്പെടുത്താനുള്ള പരിപൂർണ അധികാരം ടെലികോം സേവനദാതാക്കൾക്ക് ലഭ്യമാകും.

ന്യൂട്രാലിറ്റിക്ക് വേണ്ടി ലക്ഷംപേർ

ഇന്റർനെറ്റ് നിയന്ത്രണാവകാശത്തിന്റെ കാര്യം പ്രതിപാദിക്കുന്ന 118 പേജുള്ള റിപ്പോർട്ട് പൊതുജനാഭിപ്രായം അറിയാനായി ട്രായ് പുറത്തുവിട്ടിരുന്നു. റിപ്പോർട്ട് പുറത്തുവിട്ട് ദിവസങ്ങൾക്കുള്ളിൽ ലക്ഷക്കണക്കിന് ഇ-മെയിലുകളാണ് ന്യൂട്രാലിറ്റിക്ക് വേണ്ടി വാദിച്ചുകൊണ്ട് ട്രായിക്ക് ലഭിച്ചത്.

എണ്ണ വേണ്ടെങ്കിൽ ആനുകൂല്യങ്ങളും തരില്ലെന്ന് ഇന്ത്യയോട് ഇറാൻ

ന്യൂഡൽഹി: അമേരിക്കയെ പ്രീതിപ്പെടുത്താൻ എണ്ണ ഇറക്കുമതി വെട്ടിക്കുറച്ചാൽ, ഇന്ത്യയ്ക്ക് നൽകുന്ന പ്രത്യേക പരിഗണന നിറുത്തലാക്കുമെന്ന് ഇറാൻ മുന്നറിയിപ്പ് നൽകി.

ഇറാന്റെ ഡെപ്യൂട്ടി അംബാസഡർ മസൂദ് റെസ്വാനിയൻ റഹാഗിയാണ് ഇവിടെ ഒരു സെമിനാറിൽ ഇക്കാര്യം വ്യക്തമാക്കിയത്.

അമേരിക്ക 2012-15ൽ ഉപരോധം ഏർപ്പെടുത്തിയപ്പോഴും ഇന്ത്യയ്ക്ക് ഇറാൻ എണ്ണ നൽകിയിരുന്നു. ഇപ്പോൾ ഇറാനെ കൈവിട്ട് സൗദി അറേബ്യ, റഷ്യ, ഇറാക്ക്, അമേരിക്ക എന്നിവിടങ്ങളിൽനിന്ന് എണ്ണ വാങ്ങിയാൽ ഇന്ത്യയ്ക്കുള്ള പ്രത്യേക പരിഗണനകൾ നിറുത്തലാക്കും. ചബാഹർ തുറമുഖവികസനത്തിന് ഇന്ത്യ വാഗ്ദാനം ചെയ്ത നിക്ഷേപം പൂർത്തിയാക്കാത്തത് നിർഭാഗ്യകരമാണെന്നും അദ്ദേഹം പറഞ്ഞു.

നവംബർ 4നകം ഇറാനിൽ നിന്നുള്ള എണ്ണ ഇറക്കുമതി അവസാനിപ്പിച്ചില്ലെങ്കിൽ ഉപരോധം ആലോചിക്കുമെന്ന് അമേരിക്ക ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. അതിന് പിന്നാലെയാണ് ഇറാൻ നിലപാട് വ്യക്തമാക്കിയത്. ഈ പശ്ചാത്തലത്തിൽ ചബാഹർ തുറമുഖത്തിന്റെ പ്രാധാന്യത്തെപറ്റി ഇന്ത്യ അമേരിക്കയോട് സംസാരിക്കുമെന്നാണ് റിപ്പോർട്ടുകൾ.

ഇറാക്കും സൗദി അറേബ്യയും കഴിഞ്ഞാൽ ഇന്ത്യയ്ക്ക് എണ്ണ നൽകുന്ന രാജ്യങ്ങളിൽ മൂന്നാം സ്ഥാനമാണ് ഇറാനുള്ളത്.



ചബാഹർ തുറമുഖം

- തെക്കുകിഴക്കൻ ഇറാനിൽ ഒമാൻ ഉൾക്കടലിൽ
- ഇറാന് കടൽ മാർഗം പുറം ലോകവുമായി ബന്ധപ്പെടാനുള്ള ഏക തുറമുഖം.
- ഷാഹിദ് കലന്താരി, ഷാഹിദ് ബെഹഷ്തി എന്നീ രണ്ട് തുറമുഖങ്ങൾ ചേർന്നത്
- 2017 ഡിസംബറിൽ 3ന് ചബഹാറിന്റെ ആദ്യഘട്ടം ഉദ്ഘാടനം
- അറബിക്കടലിലും ഇന്ത്യൻ മഹാസമുദ്രത്തിലും ചൈനയ്ക്ക് അധീശത്വത്തിന് ഇടനൽകുന്ന പാകിസ്ഥാന്റെ ഗദ്വാർ തുറമുഖത്തിന് ബദലായാണ് ഇന്ത്യ ചബാഹറിൽ നിക്ഷേപം നടത്തുന്നത്.
- ഗദ്വാറിൽ നിന്ന് 80 കി.മി അകലെയാണ് ചബാഹർ.
- ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തുനിന്ന് ഇവിടെ എളുപ്പം എത്താം.
- 2016 മേയിലാണ് മദ്ധ്യഏഷ്യൻ രാജ്യങ്ങളുമായി വ്യാപാരബന്ധം എളുപ്പമാക്കുന്ന ചബാഹർ തുറമുഖ നിർമ്മാണ കരാറിൽ ഇന്ത്യയും ഇറാനും അഫ്ഗാനിസ്ഥാനും ഒപ്പുവച്ചത്.

ഇന്ത്യയും ഇറാനും

- 1947 വരെ ഇന്ത്യയും ഇറാനും പങ്കിട്ടിരുന്ന അതിർത്തി ഇന്ത്യാ -പാക് വിഭജനത്തിനു ശേഷം പാകിസ്ഥാന്റെ അതിർത്തിയായി.
- 1950 ൽ ഇന്ത്യ - ഇറാൻ പുതിയ നയതന്ത്ര ബന്ധം
- 1956ൽ മുൻ ഇറാൻ പ്രധാനമന്ത്രി ഷാ മൊഹമ്മദ് റസാ ആദ്യമായി ഇന്ത്യയിലെത്തി.
- മുൻ പ്രധാനമന്ത്രിമാരായ ജവഹർലാൽ നെഹ്റുവും ഇന്ദിരാഗാന്ധിയും ഇറാൻ സന്ദർശിച്ചു.
- 2001ൽ പ്രധാനമന്ത്രി വാജ്പേയിയുടെ സന്ദർശനം. ടെഹ്റാൻ കരാർ ഒപ്പുവച്ചു.
- 2003ൽ ഇറാനിയൻ പ്രസിഡന്റ് മൊഹമ്മദ് ഖത്താമി ഇന്ത്യയിൽ എത്തി. ഡൽഹി കരാർ ഒപ്പിട്ടു.
- 2016ൽ, പെട്രോളിയം മന്ത്രി ധർമ്മേന്ദ്ര പ്രധാന്റെ ഇറാൻ സന്ദർശനം.

സ്വവർഗ രതി: തീരുമാനം കോടതിക്ക് വിട്ട് കേന്ദ്രം

- നിഷിദ്ധ വിവാഹത്തിൽ വ്യക്തത വരുത്തണം: കേന്ദ്രം
- സ്വവർഗാനുരാഗികൾക്ക് സംരക്ഷണം വേണം: കോടതി

സ്വന്തംലേഖകൻ

ന്യൂഡൽഹി: സ്വവർഗരതി നിയമവിധേയമാക്കണമെന്ന ഹർജികളിൽ എതിർക്കുകയോ പിന്തുണയ്ക്കുകയോ ചെയ്യാതെ തീരുമാനം സുപ്രീംകോടതിക്ക് വിട്ട് കേന്ദ്രസർക്കാർ സത്യവാങ്മൂലം സമർപ്പിച്ചു.

സ്വവർഗരതി ക്രിമിനൽ കുറ്റമാക്കുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിലെ 377-ാം വകുപ്പ് റദ്ദാക്കണമോയെന്ന കോടതിക്ക് തീരുമാനിക്കാമെന്ന് ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ ഭരണഘടനാ ബെഞ്ചിനെ അഡിഷണൽ സോളിസിറ്റർ ജനറൽ തുഷാർ മേഹ്ത്ത അറിയിച്ചു. പങ്കാളിയെ തിരഞ്ഞെടുക്കാനുള്ള അവകാശം അനുവദിക്കുമ്പോൾ തന്നെ നിഷിദ്ധ വിവാഹങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തണം. ഹിന്ദുവിവാഹ നിയമപ്രകാരം ഒരാൾക്ക് തന്റെ സഹോദരിയെ വിവാഹം കഴിക്കാൻ അവകാശമില്ല. 377-ാം വകുപ്പ് ഭരണഘടനാവിരുദ്ധമാണോ അല്ലയോ എന്നതിൽ മാത്രമാണ് കേന്ദ്രം നിഷ്പക്ഷത പുലർത്തുന്നത്. സ്വവർഗവിവാഹം ഉൾപ്പെടെയുള്ള കാര്യങ്ങളിലേക്ക് കോടതി കടന്നാൽ കേന്ദ്രം വിശദമായ സത്യവാങ്മൂലം നൽകാം. സ്വവർഗപങ്കാളികൾ തമ്മിലുള്ള വിവാഹം, വേർപിരിയൽ, ദത്തെടുക്കൽ എന്നിവ പരിശോധിക്കുന്നുണ്ടെങ്കിൽ നിലപാട് അറിയിക്കാൻ സാവകാശം വേണം. മൃഗങ്ങളുമായുള്ള മനുഷ്യന്റെ ലൈംഗികവേഴ്ച കുറ്റകരമാണോയെന്ന് വ്യക്തത വരുത്തണമെന്നും മേഹ്ത്ത ചൂണ്ടിക്കാട്ടി. ലൈംഗിക വൈകൃതങ്ങളല്ല കോടതിയുടെ പരിഗണനാ വിഷയമെന്ന് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് മറുപടി നൽകി.

പ്രായപൂർത്തിയായവർ തമ്മിൽ പരസ്പരസമ്മതത്തോടെയുള്ള ലൈംഗിക ബന്ധം ക്രിമിനൽ കുറ്റമാകുന്ന സാഹചര്യമാണ് പരിശോധിക്കുന്നത്. സ്വവർഗാനുരാഗികളായ രണ്ടുപേർ മറൈൻ ഡ്രൈവിലൂടെ നടക്കുമ്പോൾ പൊലീസ് ശല്യപ്പെടുത്തുന്ന സാഹചര്യം ഉണ്ടാവരുത്. ആ ബന്ധത്തിന് സംരക്ഷണം ഉണ്ടാകണം. ഒരാളുടെ ലൈംഗിക താത്പര്യം മറ്റൊരാളിൽ നിന്ന് വ്യത്യസ്തമായിരിക്കും. ഭരണഘടനയുടെ വിഭാഗത്തിന്റെ ലൈംഗിക അവകാശം മാത്രം സംരക്ഷിക്കാൻ പറയുന്നില്ല. സദാചാര പൊലീസിൽ നിന്ന് രക്ഷിക്കണം - കോടതി നിരീക്ഷിച്ചു.

ചീഫ് ജസ്റ്റിസ് ദീപക് മിശ്ര, ജസ്റ്റിസ്മാരായ എം.എം. ഖാൻവിൽക്കർ, ഡി.വൈ. ചന്ദ്രചൂഡ്, ആർ.എഫ്. നരിമാൻ, ഇന്ദു മൽഹോത്ര എന്നിവരടങ്ങുന്ന ബെഞ്ചാണ് വാദം കേൾക്കുന്നത്.

ഒന്നിച്ചുള്ള തിരഞ്ഞെടുപ്പിനെ എതിർത്ത് കോൺഗ്രസ്

ന്യൂഡൽഹി: ഒറ്റരാജ്യം, ഒരു തിരഞ്ഞെടുപ്പ് എന്ന എൻ.ഡി.എ സർക്കാർ നിർദ്ദേശത്തെ തുറന്നെതിർത്ത് കോൺഗ്രസ് രംഗത്തെത്തി. ഒന്നിച്ചുള്ള തിരഞ്ഞെടുപ്പ് ജനാധിപത്യവിരുദ്ധമാണെന്ന് കോൺഗ്രസ് പറയുന്നു. നിയമ കമ്മിഷൻ വിളിച്ചു ചേർത്ത യോഗത്തിൽ മറ്റു കക്ഷികളുമായി ആലോചിച്ച് നിലപാടറിയിക്കാമെന്നാണ് കോൺഗ്രസ് പറഞ്ഞിരുന്നത്.

ഒറ്റ തിരഞ്ഞെടുപ്പ് എന്ന നിർദ്ദേശം ജനാധിപത്യത്തിന്റെ അടിത്തറ ഇളക്കുമെന്നാണ് കോൺഗ്രസിന്റെ വാദം. ജനങ്ങളുടെ അവകാശങ്ങളുടെ ലംഘനമാണത്. ഒന്നിച്ചു തിരഞ്ഞെടുപ്പ് നടത്തിയാലും എല്ലാ സംസ്ഥാനങ്ങളിലും സർക്കാരുകൾ അഞ്ചു വർഷം പൂർത്തിയാക്കണമെന്നില്ല. ബാക്കി സമയം ഗവർണർ ഭരണത്തിനു കീഴിലാകുന്നത് പ്രതിനിധികളെ തിരഞ്ഞെടുത്ത ജനങ്ങളെ കബളിപ്പിക്കലാണ്. അഞ്ചുവർഷത്തിനുമുൻപ് പാർലമെന്റ് പിരിച്ചുവിടേണ്ടി വന്നാൽ ബാക്കി സമയം മുഴുവൻ രാഷ്ട്രപതി ഭരിക്കുമോ എന്നും കോൺഗ്രസ് ചോദിക്കുന്നു.

പാതി വഴി പിന്നിട്ട സംസ്ഥാന നിയമസഭകളെ പിരിച്ചു വിട്ട് ഒന്നിച്ചു തിരഞ്ഞെടുപ്പ് നടത്തുന്നത് പ്രായോഗികമല്ല. അതു പൊതുഖജനാവിന് വരുത്തുന്ന ചെലവ് വലുതാണ്. അടിയന്തരാവസ്ഥയ്ക്ക് സമാനമായ സാഹചര്യങ്ങളിലല്ലാതെ തിരഞ്ഞെടുപ്പിന് വേണ്ടി നിയമസഭകൾ പിരിച്ചുവിടാൻ ഭരണഘടന അനുശാസിക്കുന്നില്ല.

പണം ലാഭിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സ്വന്തം പ്രചാരണം അവസാനിപ്പിച്ചാൽ മതി. ചെറിയ പാർട്ടികൾക്ക് ഒന്നിച്ചുള്ള തിരഞ്ഞെടുപ്പ് ചെലവുകൾ താങ്ങാൻ കഴിയില്ലെന്നും കോൺഗ്രസ് ചൂണ്ടിക്കാട്ടി.

താജ്മഹൽ സംരക്ഷണം: സർക്കാരുകൾക്ക് വിമർശനം

ന്യൂഡൽഹി: താജ്മഹൽ സംരക്ഷണത്തിൽ കേന്ദ്രസർക്കാരും യു.പി സർക്കാരും അലംഭാവം കാണിക്കുന്നതായി സുപ്രീംകോടതിയുടെ വിമർശനം. അധികൃതരുടെ നടപടിയെ അപലപിക്കുന്നതായും ജസ്റ്റിസുമാരായ മദൻ ബി ലോക്കൂർ, ദീപക് ഗുപ്ത എന്നിവർ വ്യക്തമാക്കി.

താജ്മഹൽ സംരക്ഷണമേഖലയിൽ വ്യവസായ സ്ഥാപനങ്ങളുടെ വിപുലീകരണവും പുതിയ പദ്ധതികളും സുപ്രീംകോടതി നേരത്തെ തന്നെ വിലക്കിയിരുന്നു. എന്നിട്ടും താജ്മഹലിന്റെ നാശത്തിന് വഴിവയ്ക്കുന്ന രീതിയിൽ മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങൾ ഇപ്പോഴും അനുവദിക്കുന്നത് എന്തുകൊണ്ടാണെന്ന് കോടതി ചോദിച്ചു. താജ് സംരക്ഷണ സോണിൽ വ്യവസായ വിപുലീകരണത്തിന് നൽകിയ എല്ലാ അനുമതികളും സുപ്രീംകോടതി റദ്ദാക്കി. സംരക്ഷണ അതോറിട്ടി ചെയർമാൻ ജൂലായ് 31 ന് ഹാജരാവണമെന്നും കോടതി നിർദ്ദേശിച്ചു. ആക്ടിവിസ്റ്റ് എം.സി മെഹ്തയാണ് ഹർജി നൽകിയത്. യമുനയുടെ തീരത്തെ കൈയേറ്റവും വ്യവസായങ്ങളും താജ്മഹലിന്റെ നിറം കെടുത്തുകയാണെന്ന് ഹർജിയിൽ ചൂണ്ടിക്കാട്ടി.

നളിനി ചിദംബരത്തിന്റെ ഹർജി തള്ളി

നളിനി

ചെന്നൈ: മുൻ കേന്ദ്രമന്ത്രി പി.ചിദംബരത്തിന്റെ ഭാര്യ നളിനി ചിദംബരത്തിന്റെ ഹർജി മദ്രാസ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി. ശാരദ ചിട്ടി തട്ടിപ്പ് കേസിൽ ചോദ്യംചെയ്യലിനു ഹാജരാകാനുള്ള എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉത്തരവിനെതിരെ നൽകിയ ഹർജി തള്ളിയ സിംഗിൾ ബെഞ്ച് വിധിക്കെതിരെ നളിനി നൽകിയ ഹർജിയാണ് തള്ളിയത്.

ചോദ്യം ചെയ്യലിനു ഹാജരാകണമെന്നാവശ്യപ്പെട്ട് നളിനിക്ക് പുതിയ സമൻസ് അയയ്ക്കാൻ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനോട് ജസ്റ്റിസ് എം.എം. സുന്ദർ, ജസ്റ്റിസ് ആനന്ദ് വെങ്കടേഷ് എന്നിവരുൾപ്പെട്ട ബെഞ്ച് ആവശ്യപ്പെട്ടു. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ സമൻസിനെതിരെ നളിനി നൽകിയ ഹർജി ഏപ്രിൽ 24ന് ജസ്റ്റിസ് എസ്.എം. സുബ്രഹ്മണ്യൻ തള്ളിയിരുന്നു. ഇതിനെതിരെ കഴിഞ്ഞ മാസം 19നാണ് നളിനി ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നൽകിയത്. ശാരദാ കമ്പനിക്കു വേണ്ടി കോടതിയിൽ ഹാജരാകാൻ ഒരു കോടി രൂപ ഫീസ് വാങ്ങിയതുമായി ബന്ധപ്പെട്ടാണ് നളിനിക്കെതിരായ കേസ്.

മണിപ്പൂരിൽ മണ്ണിടിച്ചിൽ: 9 മരണം, മഴ തുടരുന്നു

ഇംഫാൽ: മണിപ്പൂരിലെ തമംഗ്‌ലോംഗ് ജില്ലയിൽ കനത്ത മഴയെത്തുടർന്നുണ്ടായ മണ്ണിടിച്ചിലിൽ എട്ടു കുട്ടികളും ഒരു സ്ത്രീയുമുൾപ്പെടെ ഒമ്പതുപേർ മരിച്ചു. രണ്ടുകുട്ടികളുടെ മൃതദേഹം ഇതുവരെ കണ്ടെത്തിയിട്ടില്ല. തലസ്ഥാനമായ ഇംഫാലിൽ നിന്ന് 150 കി.മി അകലെ മൂന്നിടങ്ങളിലായാണ് ഇന്നലെ പുലർച്ചെ മണ്ണിടിഞ്ഞുവീണത്.

മരിച്ച എട്ടുകുട്ടികളും 18 വയസിൽ താഴെയുള്ളവരാണ്. മരിച്ച സ്ത്രീ കുട്ടികളിലൊരാളുടെ അമ്മയാണ്. കാണാതായവർക്കായുള്ള രക്ഷാപ്രവർത്തനം ഊർജിതമാക്കിയതായി മണിപ്പൂർ മുഖ്യമന്ത്രി എൻ. ബീരേൻ സിംഗ് ട്വിറ്ററിൽ കുറിച്ചു.

മണിപ്പൂരിലെ ദാരുണ സംഭവത്തിൽ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് അപലപിച്ചു. മണിപ്പൂരിൽ ഇപ്പോഴും കനത്ത മഴ തുടരുകയാണ്.

മണിപ്പൂരിൽ മണ്ണിടിച്ചിലുണ്ടായ സ്ഥലം

അഞ്ച് പൊലീസ് മെഡലുകൾ കൂടി

ന്യൂഡൽഹി: മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കേന്ദ്ര-സംസ്ഥാന പൊലീസ്സേനാംഗങ്ങൾക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അഞ്ച് മെഡലുകൾ കൂടി ഏർപ്പെടുത്തി. കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ പ്രത്യേക ഓപ്പറേഷൻ മെഡൽ, പൊലീസ് ആന്തരിക് സുരക്ഷാ സേവാ പതക്, അസാധാരൺ ആസൂചനാ കുശലതാ പതക്, ഉൽകൃഷ്ട്-അതി ഉൽകൃഷ്ടാ സേവാ മെഡൽ, കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ മികച്ച അന്വേഷക മെഡൽ എന്നിവയാണവ.

രാജ്യസുരക്ഷയെ ബാധിക്കുന്ന സംഭവങ്ങളുമായി ബന്ധപ്പെട്ട ഓപ്പറേഷനുകളിൽ പങ്കെടുക്കുന്നവർക്കാണ് കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ പ്രത്യേക ഓപ്പറേഷൻ മെഡൽ ലഭിക്കുക. ജമ്മുകാശ്മീർ, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ, മാവോയിസ്റ്റ് ഭീഷണിയുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ രണ്ടുവർഷം ജോലി ചെയ്യുന്ന സേനാംഗങ്ങൾക്ക് പൊലീസ് ആന്തരിക് സുരക്ഷാ സേവാ പതക് ലഭിക്കും. ഭീകര പ്രവർത്തനം, കലാപം, ഭീകരവാദം തുടങ്ങിയവയുമായി ബന്ധപ്പെട്ട സുപ്രധാന ഇന്റലിജൻസ് വിവരങ്ങൾ ശേഖരിക്കുന്നവരെ ആദരിക്കാനാണ് അസാധാരൺ ആസൂചനാ കുശലതാ പതക്.

ഇവർ തായ്കാട്ടിലെ സിംഹക്കുട്ടികൾ

ബാങ്കോക്ക്: തായ്‌ലൻഡിലെ താം ലുവാങ് ഗുഹ കടന്നെത്തിയ 12 മിടുക്കൻമാരും സുശക്തരാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. ഗുഹാ വാസത്തെ തുടർന്ന് എല്ലാവരുടെയും ഭാരം അല്പം കുറഞ്ഞിട്ടുണ്ടെങ്കിലും എല്ലാവരും പൂർണ ആരോഗ്യവാൻമാരാണെന്ന് ചികിത്സയിലിരിക്കുന്നതിന്റെ ആദ്യ ദൃശ്യങ്ങൾ പുറത്ത് വിട്ടുകൊണ്ട ഡോക്ടർമാർ വ്യക്തമാക്കി.

കുട്ടികളിൽ ചിലർക്ക് ശ്വാസകോശത്തിൽ അണുബാധയുണ്ട്. ഏഴുമുതൽ പത്തു ദിവസം വരെ കഴിഞ്ഞാൽ എല്ലാവർക്കും ആശുപത്രി വിടാം. പത്തു ദിവസത്തിനു ശേഷം വീട്ടിലേക്കു മാറ്റാം. തുടർന്ന് ഒരു മാസത്തോളം സുഖ ചികിത്സ നടത്തണമെന്നും അധികൃതർ അറിയിച്ചു.

12 കുട്ടികൾക്കും കോച്ചിനും രണ്ടു കിലോഗ്രാമോളം ഭാരം കുറഞ്ഞിട്ടുണ്ട്. മറ്റ് ആരോഗ്യ പ്രശ്നങ്ങളില്ലെന്നും മാനസിക സമ്മർദ്ദത്തിന്റെ ലക്ഷണങ്ങളും കാണിക്കുന്നില്ലെന്നും ആരോഗ്യ വിദഗ്ദ്ധർ പറഞ്ഞു. ചിയാങ് റായിയിലെ ആശുപത്രിയിലാണ് കുട്ടികൾ ഇപ്പോഴുള്ളത്.

മാതാപിതാക്കളെ കുട്ടികളോട് സംസാരിക്കാൻ അനുവദിച്ചിരുന്നു. അണുബാധ നിരീക്ഷണത്തിലായതിനാൽ ഇവരെ സ്പർശിക്കാൻ അനുവദിച്ചില്ല.

തായലൻഡിലെ ഗുഹയിൽ നിന്ന് രക്ഷപ്പെട്ട കുട്ടികൾ ആശുപത്രിയിൽ